**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 100** **30-08-2022 - ൽ മറുപടിയ്ക്ക്**

**വിഴിഞ്ഞം തുറമുഖ പുനരധിവാസ പാക്കേജ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീ . ഷാഫി പറമ്പിൽ ,<br>ശ്രീ എം വിൻസെൻറ് ,<br>ശ്രീ . സണ്ണി ജോസഫ് | | ശ്രീ. അഹമ്മദ് ദേവർകോവിൽ<br>(തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി) | |
| (എ) | വിഴിഞ്ഞം തുറമുഖ നിർമാണവുമായി ബന്ധപ്പെട്ട് തദ്ദേശീയരായ മത്സ്യത്തൊഴിലാളികളുടെ പുനരധിവാസം, ഉപജീവനം, തൊഴിൽ, സുരക്ഷ തുടങ്ങിയ മേഖലകളിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നാളിതുവരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുമായി ബന്ധപ്പെട്ട് തദ്ദേശവാസികളുടെ ക്ഷേമത്തിനായും അടിസ്ഥാന സൗകര്യ വികസനത്തിനായും നിരവധി പദ്ധതികൾ സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. വിഴിഞ്ഞം പദ്ധതി മൂലം തൊഴിൽ നഷ്ടപ്പെടുന്ന കോട്ടപ്പുറം, മുല്ലൂർ, അടിമലത്തുറ പ്രദേശങ്ങളിലെ ജനങ്ങൾക്ക് ജീവനോപാധി നഷ്ടപരിഹാര ത്തിനായി ഏതാണ്ട് 100 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. ഈ പ്രദേശങ്ങളിലെ മത്സ്യതൊഴിലാളികൾക്ക് സമ്പൂർണമായി തൊഴിൽ നഷ്ടപ്പെടും എന്ന് കണക്കാക്കിയാണ് നഷ്ടപരിഹാരം നിശ്ചയിച്ചിട്ടുള്ളത്. ഈ പ്രദേശത്തുള്ളവരുടെ ക്ഷേമത്തിനായി മറ്റ് സാമൂഹ്യ പ്രവർത്തനങ്ങളും ഏറ്റെടുത്തുകൊണ്ടാണ് സർക്കാർ തുറമുഖ പദ്ധതിയുമായി മുന്നോട്ടു പോകുന്നത്.<br><br>മത്സ്യത്തൊഴിലാളി വിഭാഗങ്ങളിൽ ചിപ്പി/ലോബ്സ്റ്റർ വിഭാഗത്തിലെ കട്ടമരച്ചിപ്പിത്തൊഴിലാളികൾക്ക് നഷ്ടപരിഹാര മായി ആളൊന്നിന് 12.5 ലക്ഷം രൂപയും കരച്ചിപ്പിത്തൊഴി ലാളികൾക്ക് 2 ലക്ഷം രൂപയും ചിപ്പിക്കച്ചവടക്കാർക്ക് ഒരു ലക്ഷം രൂപയും വീതം 262 പേർക്ക് 12.36 കോടി രൂപയും കരമടിത്തൊഴിലാളികൾക്ക് 5.6 ലക്ഷം രൂപ വീതം 913 പേർക്ക് 54.24 കോടി രൂപയും വിതരണം ചെയ്തു കഴിഞ്ഞു. നിർമ്മാണ കാലയളവിൽ പദ്ധതി പ്രദേശം ചുറ്റി പോകേണ്ടതിനാൽ 1221 മത്സ്യത്തൊഴിലാളികൾക്ക് 27.18 കോടി രൂപയുടെ മണ്ണെണ്ണ വിതരണം ചെയ്തിട്ടുണ്ട്. റിസോർട്ട് തൊഴിലാളികളായ 211 പേർക്ക് 6.08 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. നാല് സ്വയം സഹായ സംഘങ്ങളിലെ 33 പേർക്ക് 8 ലക്ഷം രൂപയും |

| | | | |
|---|---|---|---|
| | | | നൽകിയിട്ടുണ്ട്. ഇപ്രകാരം പദ്ധതി ബാധിത പ്രദേശങ്ങളിൽ ജീവനോപാധി നഷ്ടപരിഹാരമായി 99.94 കോടി രൂപ ഇതിനകം തന്നെ വിതരണം ചെയ്തു കഴിഞ്ഞു.<br><br>തുറമുഖ പദ്ധതിയോടനുബന്ധിച്ച് 7.3 കോടി രൂപ ചെലവിൽ നിർമ്മിച്ച പദ്ധതിയിൽ നിന്ന് ഈ പ്രദേശത്ത് ജല വിതരണം നടത്തുന്നുണ്ട്. കൂടാതെ, 1.74 കോടി രൂപ ചെലവിൽ പദ്ധതി പ്രദേശത്തെ 1000 വീട്ടുകാർക്ക് സൗജന്യമായി ശുദ്ധജല വിതരണ കണക്ഷൻ നൽകി. ഖര മാലിന്യ നിർമ്മാർജ്ജനത്തിന് 1.05 കോടി രൂപയുടെ പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ട്. നിലവിലെ വിഴിഞ്ഞം CHC യെ 80 കിടക്കകളുള്ള ഒരു താലൂക്ക് ആശുപത്രിക്ക് തുല്യമായി ഉയർത്തുന്നതിനായുള്ള നടപടികൾ പൂർത്തീകരിച്ചു വരുന്നു. മാലിന്യം നിറഞ്ഞ് സ്വാഭാവിക ഒഴുക്ക് തടസ്സപ്പെട്ട പദ്ധതി പ്രദേശത്തെ ഗംഗയാർ തോടിലെ മാലിന്യങ്ങൾ 1.18 കോടി രൂപ ചെലവിൽ നീക്കം ചെയ്തു. പദ്ധതി കമ്മീഷൻ ചെയ്യുന്നതോടെ തദ്ദേശീയരായ യുവജനങ്ങൾക്ക് തൊഴിൽ ലഭിക്കുന്നതിന് വേണ്ടി പരിശീലനം നൽകുന്നതിന് കേരള സർക്കാരിന്റെ നൈപുണ്യ വികസന പരിശീലന കേന്ദ്രം (ASAP) ന്റെ കെട്ടിടം 50 കോടി രൂപ ചെലവിൽ നിർമ്മാണം പൂർത്തീകരിച്ചു വരികയാണ്. പദ്ധതി പ്രദേശത്തിനു സമീപം കളിസ്ഥലം നിർമ്മിക്കുന്നതിനായുള്ള നടപടികൾ പുരോഗമിക്കുകയാണ്. തദ്ദേശവാസികൾക്കും മത്സ്യത്തൊ ഴിലാളികൾക്കും പരമാവധി പ്രയോജനവും തൊഴിലും ലഭ്യമാകുന്ന രീതിയിൽ ഒരു സീഫുഡ് പാർക്ക് സ്ഥാപിക്കുന്നതിനായുള്ള നടപടികളും പുരോഗമിക്കുക യാണ്. ഇതിനു പുറമേ കരാർ കമ്പനിയും മറ്റനവധി സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾ പദ്ധതി പ്രദേശത്ത് നടപ്പിലാക്കി വരുന്നുണ്ട്. |
| (ബി) | 2015-ൽ വിഴിഞ്ഞം തുറമുഖ കമ്പനി സമർപ്പിച്ച ഉപജീവന ആഘാത നിർണയ സമിതി റിപ്പോർട്ടിലുൾപ്പെട്ട നഷ്ടപരിഹാര, പുനരധിവാസ പാക്കേജിലെ ഏതൊക്കെ കാര്യങ്ങളാണ് ഇതിനകം നടപ്പിലാക്കിയതെന്ന് വ്യക്തമാക്കുമോ; | (ബി) | ഉപജീവന ആഘാത നിർണയ സമിതി റിപ്പോർട്ട് സമർപ്പിച്ചത് റവന്യൂ ഡിവിഷണൽ ഓഫീസർ, തിരുവനന്തപുരം ചെയർമാനായ LIAC ആണ്. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുമായി ബന്ധപ്പെട്ട് ജീവനോപാധി നഷ്ടമാകുന്നവരെ കണ്ടെത്താൻ റവന്യൂ ഡിവിഷണൽ ഓഫീസർ, തിരുവനന്തപുരം ചെയർമാനായ അഞ്ചംഗ Livelihood Impact Appraisal Committee (LIAC) യേയും ഇതിന്മേലുയരുന്ന അപ്പീലുകൾ പരിഗണിച്ച് പരിശോധിക്കുന്നതിന് ജില്ലാ കളക്ടർ, തിരുവനന്തപുരം ചെയർമാനായ അഞ്ചംഗ LIAC അപ്പീൽ കമ്മറ്റിയേയും സർക്കാർ |

| | | | |
|---|---|---|---|
| | | | ചുമതലപ്പെടുത്തുകയും ഇതിന്റെ അടിസ്ഥാനത്തിൽ ജീവനോപാധി നഷ്ടം സംഭവിച്ചേക്കാവുന്നവരേയും അവർക്കനുവദിക്കാവുന്ന നഷ്ടപരിഹാരത്തേയും ഉൾക്കൊള്ളിച്ച് LIAC റിപ്പോർട്ട് പ്രസിദ്ധീകരിച്ചു. ഇതിന്മേൽ അപ്പീൽ നൽകുവാനായി 25/09/2015 വരെ അവസരം നൽകിയിരുന്നു. ഇപ്രകാരം ലഭിച്ച അപ്പീലുകളിൽ പദ്ധതിബാധിത പ്രദേശങ്ങളിലുൾപ്പെട്ട ചിപ്പി/ലോബ്സ്റ്റർ, കരമടി എന്നീ വിഭാഗങ്ങളിലുൾപ്പെട്ട അപേക്ഷകരെ LIAC അപ്പീൽ കമ്മറ്റി ചുമതലപ്പെടുത്തിയ സബ്കമ്മറ്റി രേഖാപരിശോധനയും സ്ഥല പരിശോധനയും നടത്തി അർഹരാണെന്ന് കണ്ടെത്തിയവർക്ക് സർക്കാർ അംഗീകാരത്തോടെ നഷ്ടപരിഹാരം വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ യന്ത്രവൽകൃതമല്ലാത്ത കട്ടമരത്തിൽ പോയി മത്സ്യം പിടിക്കുന്നവരുടെ പരിശോധന നടപടികൾ അന്തിമ ഘട്ടത്തിലാണ്. |
| (സി) | തുറമുഖ നിർമാണത്തിന്റെ ഫലമായി മത്സ്യബന്ധനത്തിനിടെ സംഭവിക്കുന്ന അപകടങ്ങൾ തടയുന്നതിന് ശാശ്വത നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ? | (സി) | വിഴിഞ്ഞം തുറമുഖം നിർമ്മാണം ആരംഭിച്ചതോടെ മത്സ്യബന്ധന തുറമുഖത്തിൽ വലിയ തിരകൾ ഉണ്ടാകുന്നുവെന്നും ബോട്ടുകൾ പരസ്പരം കൂട്ടിമുട്ടി നാശ നഷ്ടം ഉണ്ടാകുന്നുവെന്നുമുള്ള മത്സ്യതൊഴിലാളികളുടെ ആശങ്ക പരിഹരിക്കുന്നതിനായി കേന്ദ്ര സർക്കാരിന്റെ ഗവേഷണ സ്ഥാപനമായ Central Water & Power Research Station (CWPRS) മുഖേന ഒരു Physical Model Study നടത്തിയിരുന്നു. പഠനത്തിൽ വിഴിഞ്ഞം തുറമുഖ നിർമ്മാണം ആരംഭിക്കുന്നതിന് മുമ്പ് തന്നെ മത്സ്യബന്ധന തുറമുഖത്തിനുള്ളിലും കവാടത്തിലും അനുവദനീയമായ പരിധിക്കു മുകളിലുള്ള വലിയ തിരകൾ ഉണ്ടായിരുന്നതായി കണ്ടെത്തുകയുണ്ടി. തുറമുഖ നിർമ്മാണം മൂലം ഇത് കൂടുതൽ ഉയരാൻ സാധ്യതയുണ്ടെന്നും നിരീക്ഷിച്ചു. ഇപ്പോൾ നിലവിലുള്ള വിഴിഞ്ഞം തുറമുഖത്തിന്റെ സീവേഡ് വാർഫിനോടനുബന്ധിച്ച് 200 മീറ്റർ നീളത്തിൽ ഒരു ഫർ ബ്രേക്ക് വാട്ടർ നിർമ്മിച്ചാൽ ഈ പ്രശ്നം പരിഹരിക്കാമെന്ന് CWPRS ശുപാർശ ചെയ്യുകയുണ്ടായി. ഈ ശുപാർശ മത്സ്യ തൊഴിലാളികളും മറ്റ് വിദഗ്ധരുമായി ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഇപ്രകാരമുള്ള പുലിമുട്ട് നിർമ്മിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഈ നിർമ്മാണം പൂർത്തീകരിക്കുമ്പോൾ വർഷം മുഴുവനും ഹാർബർ മത്സ്യ ബന്ധനയാനങ്ങൾക്ക് ഉപയോഗിക്കുവാൻ കഴിയുമെന്നാണ് കണ്ടെത്തിയിരിക്കുന്നത്. മാത്രമല്ല ഹാർബറിന്റെ അഴിമുഖത്ത് മണ്ണടിഞ്ഞുകൂടി അപകടം ഉണ്ടാക്കുന്നുവെന്ന പരാതിയുടെ അടിസ്ഥാനത്തിൽ |

| | | | |
|---|---|---|---|
| | | | ഹാർബറും അഴിമുഖവും ഡ്രഡ്ജിംഗ് നടത്തി ഹൈഡ്രോഗ്രാഫിക് സർവ്വെ വിംഗിനെ കൊണ്ട് എല്ലാ വർഷവും സർവ്വെ നടത്തി വരുന്നുമുണ്ട്. |

സെക്ഷൻ ഓഫീസർ